മാതൃഭൂമി

29 July 2017

# ദേശീയതലത്തിൽ വിത്തുമത്സ്യബാങ്കുകൾ വരുന്നു

കൊച്ചി: ദേശീയതലത്തിൽ വിത്തുമത്സ്യ ബാങ്കുകൾ (ബ്രൂഡ് ബാങ്ക്) സ്ഥാപിക്കുന്നതിന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന് (സി.എം.എഫ്.ആർ.ഐ.) കേന്ദ്ര സർക്കാർ ഒമ്പത് കോടി രൂപ അനുവദിച്ചു. മോദ, വറ്റ എന്നീ കടൽമീനുകളുടെ വിത്തുമത്സ്യ ബാങ്കുകൾ സ്ഥാപിക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമാണ് സാമ്പത്തിക സഹായം.

പ്രജനനത്തിന് പാകമായ മത്സ്യങ്ങളുടെ ശേഖരമാണ് വിത്തുമത്സ്യ ബാങ്ക്. കടൽമീനുകളുടെ കൃഷി ജനകീയമാക്കുന്നതിനായി സി.എം.എഫ്.ആർ.ഐ. സമർപ്പിച്ച വിത്തുത്പാദന വികസന പദ്ധതിക്ക് കേന്ദ്ര കാർഷിക മന്ത്രാലയത്തിനു കീഴിലുള്ള മൃഗസംരക്ഷണ, ക്ഷീരവികസന, ഫിഷറീസ് വകുപ്പാണ് അംഗീകാരം നൽകിയത്.

സി.എം.എഫ്.ആർ.ഐയുടെ മണ്ഡപം, വിഴിഞ്ഞം ഗവേഷണ കേന്ദ്രങ്ങളിലാണ് മാതൃമത്സ്യബാങ്ക് സ്ഥാപിക്കുന്നത്. കൂടാതെ, പദ്ധതിയുടെ ഭാഗമായി പ്രാദേശിക വിത്തുത്പാദന കേന്ദ്രങ്ങൾ എല്ലാ തീരദേശ സംസ്ഥാനങ്ങളിലും സ്ഥാപിക്കും. വിത്തുത്പാദനത്തിന് ആവശ്യമായ എല്ലാ സംവിധാനങ്ങളും ഉൾക്കൊള്ളുന്നതാണ് വിത്തുമത്സ്യ ബാങ്ക്.

ഗുണനിലവാരമുള്ള മത്സ്യവിത്തുകളുടെ ദൗർലഭ്യം സമുദ്രകൃഷി വ്യാപനത്തിന് തടസ്സമാകുന്ന സാഹചര്യത്തിലാണ് പുതിയ വിത്തുത്പാദന സംവിധാനം രാജ്യത്ത് നിലവിൽ വരുന്നത്. കൂട്മത്സ്യ കൃഷിക്ക് ഏറെ അനുയോജ്യമായ മോദ, വറ്റ മീൻ കുഞ്ഞുങ്ങൾ എല്ലാ സംസ്ഥാനങ്ങളിലും ആവശ്യമായ തോതിൽ ലഭ്യമാക്കുകയാണ് പുതിയ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നതെന്ന് സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ അറിയിച്ചു. ഈ സംവിധാനം വരുന്നതോടെ, കൃഷിയിറക്കാൻ പാകമായ 10 മില്യൺ വറ്റ മീൻകുഞ്ഞുങ്ങളും 3 മില്യൺ മോദ മീൻകുഞ്ഞുങ്ങളും ഉത്പാദിപ്പിക്കാനാകും. ഇവയുടെ കൂടുമത്സ്യകൃഷി ഇതോടെ വൻതോതിൽ വ്യാപിക്കാൻ ഇത് സഹായിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

സി.എം.എഫ്.ആർ.ഐയുടെ മണ്ഡപം ഗവേഷണ കേന്ദ്രത്തെ കൂടുമത്സ്യകൃഷിയുടെ നോഡൽ ഹബ്ബാക്കി മാറ്റുന്ന തരത്തിലാണ് പദ്ധതി. രാജ്യത്തിന്റെ എല്ലാ കൃഷിക്ക് ആവശ്യമായ മീൻകുഞ്ഞുങ്ങളെ ഇവിടെ നിന്ന് വിതരണത്തിന് തയ്യാറാക്കും. പ്രാദേശിക മീൻവിത്തുത്പാദന കേന്ദ്രങ്ങളിലൂടെയാണ് വിതരണം നടത്തുക. രാജ്യത്തെ കൂടുമത്സ്യ കൃഷിയുടെ നോഡൽ കേന്ദ്രമായി മണ്ഡപം മാറുന്നത് കൂടുമത്സ്യകൃഷി രംഗത്ത് കേരളത്തിന് മികച്ച സാധ്യത നൽകും. നിലവിൽ ആയിരത്തിലധികം കൂടുമത്സ്യകൃഷി സംരംഭങ്ങൾ ഇന്ത്യൻ സമുദ്രതീരങ്ങളിൽ നടന്നുവരുന്നുണ്ട്.

കടലിലെ കൂടുമത്സ്യകൃഷി വ്യവസ്ഥാപിതമാക്കുന്നതിന് ദേശീയ സമുദ്രകൃഷി നയത്തിന്റെ കരട് രൂപം സി.എം.എഫ്.ആർ.ഐ. തയ്യാറാക്കി വരികയാണ്. വിവിധ സംസ്ഥാനങ്ങളിലെ ഫിഷറീസ് വകുപ്പുമായി ആശയവിനിമയം നടത്തിയാണ് കരട് തയ്യാറാക്കുന്നത്. കൂടുമത്സ്യകൃഷി രംഗത്ത് വൻതോതിൽ നിക്ഷേപങ്ങൾ വരുന്നതിന് സമഗ്രമായ സമുദ്രകൃഷി നയം ആവശ്യമാണ്.